# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:5752 03.11.2016 -ലെ മറുപടി

## തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുരളി പെരുനെല്ലി | മാത്യു ടി തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിലെ കനാലുകളിലെ നീരൊഴുക്കിന് തടസ്സമായി നിൽക്കുന്ന കുളവാഴയും ചണ്ടിയും നീക്കം ചെയ്യുന്നതിന് ഇറിഗേഷൻ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) കോൾ നിലങ്ങളിലെ കനാലുകളിലെ നീരൊഴുക്കിന് തടസ്സമായി നിൽക്കുന്ന കുളവാഴയും ചണ്ടിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾക്ക് 2016-17 സാമ്പത്തിക വർഷം 2.50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഈ ജോലികൾക്കായി ഇതുവരെ 2.32 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. അവയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഈ പ്രവൃത്തികൾ അടിയന്തരമായി നിർവഹിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) പ്രസ്തുത പ്രവൃത്തികളുടെ അത്യാവശ്യം ഉൾക്കൊണ്ടുതന്നെ അടിയന്തിരമായി പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ